മലയാളം MALAYALAM مالايالم :

**2026 ഓഗസ്റ്റ് 28 (15 റബീഉൽ അവ്വൽ 1448) വെള്ളിയാഴ്ച**

# അനുഗ്രഹങ്ങൾ കാത്തുസൂക്ഷിക്കൽ (حِفْظُ النِّعَمِ)

**തീർച്ചയായും സർവ്വ സ്തുതിയും അല്ലാഹുവിനാണ്. നമ്മൾ അവനെ സ്തുതിക്കുകയും അവനോട് സഹായം തേടുകയും പാപമോചനം ഇരക്കുകയും ചെയ്യുന്നു. നമ്മളുടെ ആത്മാക്കളുടെ തിന്മകളിൽ നിന്നും മോശമായ പ്രവൃത്തികളിൽ നിന്നും അല്ലാഹുവിനോട് നമ്മൾ രക്ഷചോദിക്കുന്നു. അല്ലാഹു ആരെ നേർവഴിയിലാക്കിയോ അവനെ വഴിപിഴപ്പിക്കാൻ ആരുമില്ല. അവൻ ആരെ വഴിപിഴപ്പിച്ചുവോ അവനെ നേർവഴിയിലാക്കാനും ആരുമില്ല. അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.**

**മുഹമ്മദ് നബി (സ) അവന്റെ ദാസനും റസൂലും, സൃഷ്ടികളിൽ നിന്ന് അവൻ തിരഞ്ഞെടുക്കപ്പെട്ടവനും അവന്റെ പ്രിയ മിത്രവുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുന്ന് അമാനത്ത് (ഉത്തരവാദിത്തം) നിറവേറ്റുകയും ദൗത്യം എത്തിച്ചുകൊടുക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സത്യസന്ധമായി ജിഹാദ് ചെയ്യുകയും ചെയ്തു; തീർച്ചയായ മരണം അവിടുത്തേക്ക് വന്നെത്തുന്നതുവരെ. അല്ലാഹു അവിടുത്തേക്കും കുടുംബത്തിനും സ്വഹാബികൾക്കും ധാരാളമായി സ്വലാത്തും സലാമും വർഷിക്കട്ടെ.**

**അല്ലാഹു തആലാ പറയുന്നു:**

**{يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ}**

***(അർത്ഥം: സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടേണ്ട മുറപ്രകാരം ഭയപ്പെടുക. മുസ്‌ലിംകളായല്ലാതെ നിങ്ങൾ മരണപ്പെടരുത്.) [ആലുഇമ്രാൻ: 102].***

**അമ്മ ബാഅ്ദ് (അതിനുശേഷം):**

**വാക്കുകളിൽ ഏറ്റവും സത്യസന്ധമായത് അല്ലാഹുവിന്റെ ഗ്രന്ഥവും, വഴികാട്ടലുകളിൽ ഏറ്റവും ഉത്തമമായത് മുഹമ്മദ് (സ) യുടെ വഴികാട്ടലുമാകുന്നു. കാര്യങ്ങളിൽ ഏറ്റവും തിന്മയുള്ളത് പുതുതായി നിർമ്മിക്കപ്പെട്ടവയാണ്. പുതുതായി നിർമ്മിക്കപ്പെട്ടവയെല്ലാം ബിദ്അത്തുകളും (ദുരാചാരങ്ങൾ), എല്ലാ ബിദ്അത്തുകളും വഴികേടും, എല്ലാ വഴികേടുകളും നരകത്തിലുമാകുന്നു.**

**അല്ലാഹുവിന്റെ ദാസന്മാരേ:**

**നമ്മുടെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിരവധിയാണ്; അവന്റെ ഉദാരതകൾ ധാരാളവും പൂർണ്ണവുമാണ്. അവൻ എത്രയോ നന്മകൾ ചൊരിഞ്ഞു**

തരികയും നൽകുകയും ചെയ്തു! എത്രയോ ദാനങ്ങൾ നൽകുകയും ചൊരിയുകയും ചെയ്തു! എത്രയോ ദുരന്തങ്ങളെ തടയുകയും, എത്രയോ ശിക്ഷകളെ മാറ്റിക്കളയുകയും ചെയ്തു!

അല്ലാഹു തആലാ പറയുന്നു:

**{وَآتَاكُمْ مِنْ كُلِّ مَا سَأَلْتُمُوهُ وَإِنْ تَعُدُّوا نِعْمَتَ اللَّهِ لَا تُحْصُوهَا إِنَّ الْإِنْسَانَ لَظَلُومٌ كَفَّارٌ}**

*(നിങ്ങൾ ചോദിച്ചതിൽ നിന്നൊക്കെയും അവൻ നിങ്ങൾക്ക് നൽകിയിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ ക്ലിപ്തപ്പെടുത്താനാവില്ല. തീർച്ചയായും മനുഷ്യൻ അക്രമിയും നന്ദികെട്ടവനുമാകുന്നു.) [ഇബ്റാഹീം: 34].*

മനുഷ്യന്റെ വലിയൊരു വീഴ്ചയാണ് അനുഗ്രഹം കൈവിട്ടുപോകുമ്പോൾ മാത്രം അത് തിരിച്ചറിയുന്നു എന്നുള്ളത്. അത് നശിച്ചു ഇല്ലാതാകുമ്പോൾ മാത്ര മാണ് അവൻ അതിന്റെ മൂല്യം മനസ്സിലാക്കുന്നത്. ഈമാനും സുരക്ഷിതത്വവും ഒരനുഗ്രഹമാണ്, ആരോഗ്യവും കുടുംബവും ഒരനുഗ്രഹമാണ്, വെള്ളവും വൈദ്യുതിയും ഒരനുഗ്രഹമാണ്. എന്തിനേറെ, നിന്റെ നെഞ്ചിൽ വന്നുപോകുന്ന ഓരോ ശ്വാസവും അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമാണ്!

സത്യവിശ്വാസികളേ:

ഖുർആനും സുന്നത്തും കാണിച്ചുതന്ന ശർഈയായ കാരണങ്ങളിലൂടെയാണ് അനുഗ്രഹങ്ങളെ കാത്തുസൂക്ഷിക്കേണ്ടത്.

- പാപങ്ങളിൽ നിന്ന് അകന്നുനിൽക്കൽ: അനുഗ്രഹങ്ങൾ നഷ്ടപ്പെടാനുള്ള ഏറ്റവും വലിയ കാരണങ്ങളിലൊന്ന് പാപങ്ങളാണ്.

അല്ലാഹു തആലാ പറയുന്നു:

**{ذَلِكَ بِأَنَّ اللَّهَ لَمْ يَكُ مُغَيِّرًا نِعْمَةً أَنْعَمَهَا عَلَى قَوْمٍ حَتَّى يُغَيِّرُوا مَا بِأَنْفُسِهِمْ وَأَنَّ اللَّهَ سَمِيعٌ عَلِيمٌ}**

*(അർത്ഥം: ഒരു ജനത തങ്ങളുടെ മനസ്സുകളിലുള്ളതിനെ മാറ്റുന്നതുവരെ അല്ലാഹു അവർക്ക് നൽകിയ അനുഗ്രഹത്തെ മാറ്റുന്നവനല്ല എന്നതുകൊണ്ടാണത്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.) [അൽ-അൻഫാൽ: 53].*

ജുബൈർ ബിൻ നുഫൈർ (റഹിമഹുല്ലാഹ്) പറയുന്നു:

**( لَمَّا فُتِحَتْ قُبْرُصُ، فُرِّقَ بَيْنَ أَهْلِهَا، فَبَكَى بَعْضُهُمْ إِلَى بَعْضٍ، وَرَأَيْتُ أَبَا الدَّرْدَاءِ جَالِسًا وَحْدَهُ يَبْكِي، فَقُلْتُ: يَا أَبَا الدَّرْدَاءِ، مَا يُبْكِيكَ فِي يَوْمٍ أَعَزَّ اللَّهُ فِيهِ الْإِسْلَامَ وَأَهْلَهُ؟ قَالَ: وَيْحَكَ يَا جُبَيْرُ! مَا أَهْوَنَ الْخَلْقَ عَلَى اللَّهِ إِذَا هُمْ تَرَكُوا أَمْرَهُ، بَيْنَا هِيَ أُمَّةٌ قَاهِرَةٌ ظَاهِرَةٌ، لَهُمُ الْمُلْكُ، تَرَكُوا أَمْرَ اللَّهِ، فَصَارُوا إِلَى مَا تَرَى)**

*(സൈപ്രസ് പ്രവിശ്യ കീഴടക്കപ്പെട്ടപ്പോൾ അതിലെ നിവാസികൾ വേർപിരിക്കപ്പെട്ടു. അവർ പരസ്പരം കണ്ടു കരയാൻ തുടങ്ങി. അപ്പോൾ അബൂദർദാ (റ)*

*ഒറ്റയ്ക്കിരുന്ന് കരയുന്നത് ഞാൻ കണ്ടു. ഞാൻ ചോദിച്ചു: "അബൂദർദാ, അല്ലാഹു ഇസ്‌ലാമിനെയും അതിന്റെ ആളുകളെയും പ്രതാപമുള്ളവരാക്കിയ ഈ ദിവസം താങ്കളെന്താണ് കരയുന്നത്?" അദ്ദേഹം പറഞ്ഞു: "കഷ്ടം! ജുബൈർ, അല്ലാഹുവിന്റെ കല്പനകൾ ഉപേക്ഷിച്ചാൽ സൃഷ്ടികൾ അവന് എത്ര നിസ്സാരന്മാരാണ്! അധികാരവും പ്രതാപവുമുള്ള ഒരു ജനതയായിരുന്നു അവർ. എന്നാൽ അല്ലാഹുവിന്റെ കല്പന ഉപേക്ഷിച്ചപ്പോൾ നീ ഈ കാണുന്ന അവസ്ഥയിലേക്ക് അവർ എത്തിപ്പെട്ടു.")*

അലി ബിൻ അബീത്വാലിബ് (റ) പറഞ്ഞു:

(مَا نَزَلَ بَلَاءٌ إِلَّا بِذَنْبٍ، وَلَا رُفِعَ إِلَّا بِتَوْبَةٍ)

*(ഒരു പരീക്ഷണവും പാപം മൂലമല്ലാതെ ഇറങ്ങിയിട്ടില്ല, പശ്ചാത്താപം കൊണ്ടല്ലാതെ അത് ഉയർത്തപ്പെട്ടിട്ടുമില്ല.)*

ഇബ്നുൽ ഖയ്യിം (റഹിമഹുല്ലാഹ്) പറഞ്ഞു:

(وَمِنْ عُقُوبَاتِ الْمَعَاصِي زَوَالُ النِّعَمِ، وَحُلُولُ النِّقَمِ)

*(പാപങ്ങളുടെ ശിക്ഷകളിൽ പെട്ടതാണ് അനുഗ്രഹങ്ങൾ നഷ്ടപ്പെടുന്നതും ദുരന്തങ്ങൾ ഇറങ്ങുന്നതും.)*

സമ്പന്നതയിലും സമൃദ്ധിയിലും ജീവിച്ചിരുന്ന എത്രയോ ആളുകൾ! അവർ അനുസരണത്തിന് പകരം പാപങ്ങളെയും സുരക്ഷിതത്വത്തിന് പകരം നാശത്തെയും തിരഞ്ഞെടുത്തപ്പോൾ അവരുടെ അവസ്ഥകൾ മാറുകയും കാര്യങ്ങൾ വഷളാവുകയും ചെയ്തു.

شاعر കവിതയിൽ പറഞ്ഞതുപോലെ:

**إِذَا كُنْتَ فِي نِعْمَةٍ فَارْعَهَا ... فَإِنَّ الذُّنُوبَ تُزِيلُ النِّعَمْ**

**وَحُطْهَا بِطَاعَةِ رَبِّ الْعِبَادِ ... فَرَبُّ الْعِبَادِ سَرِيعُ النِّقَمْ**

*(നീ ഒരു അനുഗ്രഹത്തിലാണെങ്കിൽ അതിനെ കാത്തുസൂക്ഷിക്കുക; കാരണം പാപങ്ങൾ അനുഗ്രഹങ്ങളെ ഇല്ലാതാക്കും. അതിനെ നിന്റെ രക്ഷിതാവിനോടുള്ള അനുസരണം കൊണ്ട് സംരക്ഷിക്കുക; കാരണം അവൻ വേഗത്തിൽ ശിക്ഷിക്കുന്നവനാണ്.)*

- അല്ലാഹുവിനോട് നന്ദിയുള്ളവരാകൽ (ശുക്ർ): അനുഗ്രഹങ്ങളെ കാത്തുസൂക്ഷിക്കുന്നതും ദുരന്തങ്ങളെ തടയുന്നതും നന്ദി കാണിക്കലാണ്.

അല്ലാഹു തആലാ പറയുന്നു:

{وَإِذْ تَأَذَّنَ رَبُّكُمْ لَئِنْ شَكَرْتُمْ لَأَزِيدَنَّكُمْ وَلَئِنْ كَفَرْتُمْ إِنَّ عَذَابِي لَشَدِيدٌ}

*(നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം: നിങ്ങൾ നന്ദികാണിച്ചാൽ ഞാൻ നിങ്ങൾക്ക് വർദ്ധിപ്പിച്ചു തരും. എന്നാൽ നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായതായിരിക്കും.) [ഇബ്റാഹീം: 7].*

**ഉമർ ബിൻ അബ്ദിൽ അസീസ് (റഹിമഹുല്ലാഹ്) പറഞ്ഞു:**

**(قَيِّدُوا نِعَمَ اللَّهِ بِالشُّكْرِ)**

*(അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നന്ദികൊണ്ട് കെട്ടിയിടുക.)*

**മുൻഗാമികളിൽ ചിലർ പറയുമായിരുന്നു:**

**)الشُّكْرُ قَيْدُ الْمَوْجُودِ، وَصَيْدُ الْمَفْقُودِ(**

*(നന്ദി എന്നത് കയ്യിലുള്ളതിനെ കെട്ടിയിടാനുള്ള കയറും നഷ്ടപ്പെട്ടതിനെ പിടിച്ചെടുക്കാനുള്ള വലയുമാണ്.)*

**നന്ദി എന്നത് ഹൃദയം കൊണ്ടുള്ള അംഗീകരിക്കലും, നാവ് കൊണ്ടുള്ള സ്തുതിക്കലും, അനുഗ്രഹങ്ങളെ അല്ലാഹുവിന്റെ അനുസരണത്തിൽ ഉപയോഗിക്കലുമാണ്. അല്ലാഹു തആലാ പറയുന്നു:**

**}اعْمَلُوا آلَ دَاوُودَ شُكْرًا{**

*(അർത്ഥം: ദാവൂദ് കുടുംബമേ, നിങ്ങൾ നന്ദിയോടെ പ്രവർത്തിക്കുക.) [സബഅ്: 13].*

**അനുഗൃഹീതരായ ജനങ്ങളേ:**

- **മിതത്വം പാലിക്കലും ദുർവ്യയം ഒഴിവാക്കലും: അനുഗ്രഹങ്ങൾ കാത്തുസൂക്ഷിക്കാനുള്ള മറ്റൊരു മാർഗ്ഗം അവ ഉപയോഗിക്കുന്നതിൽ മിതത്വം പാലിക്കലും അനാവശ്യമായി ചെലവഴിക്കാതിരിക്കലുമാണ്.**

**അല്ലാഹു തആലാ പറയുന്നു:**

**يَابَنِي آدَمَ خُذُوا زِينَتَكُمْ عِنْدَ كُلِّ مَسْجِدٍ وَكُلُوا وَاشْرَبُوا وَلَا تُسْرِفُوا إِنَّهُ لَا يُحِبُّ الْمُسْرِفِينَ**

*(ആദമിന്റെ മക്കളേ, എല്ലാ ആരാധനാലയങ്ങളിലും നിങ്ങളുടെ ഭംഗിയുള്ള വസ്ത്രങ്ങൾ ധരിക്കുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തോളൂ, എന്നാൽ ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവരെ അവൻ ഇഷ്ടപ്പെടുന്നില്ല.) [അൽ-അഅ്റാഫ്: 31].*

**അല്ലാഹു തആലാ വീണ്ടും പറയുന്നു:**

**وَآتِ ذَا الْقُرْبَى حَقَّهُ وَالْمِسْكِينَ وَابْنَ السَّبِيلِ وَلَا تُبَذِّرْ تَبْذِيرًا (26) إِنَّ الْمُبَذِّرِينَ كَانُوا إِخْوَانَ الشَّيَاطِينِ وَكَانَ الشَّيْطَانُ لِرَبِّهِ كَفُورًا**

*(അർത്ഥം: കുടുംബബന്ധമുള്ളവനും പാവപ്പെട്ടവനും വഴിപോക്കനും അവരുടെ അവകാശങ്ങൾ നൽകുക. നീ വെറുതെ പാഴാക്കിക്കളയരുത്. തീർച്ചയായും*

*പാഴാക്കിക്കളയുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു.) [അൽ-ഇസ്റാഅ്: 26, 27].*

ഇന്ന് എത്രമാത്രം വെള്ളമാണ് പാഴാക്കപ്പെടുന്നത്! ആവശ്യമില്ലാതെ എത്ര വെളിച്ചങ്ങളാണ് കത്തിച്ചുവെക്കുന്നത്! എത്രയത്ര ഭക്ഷണങ്ങളാണ് ചവറ്റുകുട്ടയിലേക്ക് എറിയപ്പെടുന്നത്! ഇവയെല്ലാം തങ്ങളോട് ചോദിക്കപ്പെടാൻ പോകുന്ന അനുഗ്രഹങ്ങളാണെന്ന് മനുഷ്യർ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ അവരവ നല്ല രീതിയിൽ ഉപയോഗിക്കുമായിരുന്നു.

അല്ലാഹു തആലാ പറയുന്നു:

{ثُمَّ لَتُسْأَلُنَّ يَوْمَئِذٍ عَنِ النَّعِيمِ}

*(പിന്നീട് അന്നേ ദിവസം അനുഗ്രഹങ്ങളെക്കുറിച്ച് നിങ്ങൾ തീർച്ചയായും ചോദിക്കപ്പെടുക തന്നെ ചെയ്യും.) [അത്തകാഥുർ: 8].*

അബൂബർസ അൽ-അസ്‌ലമി (റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു:

«لَا تَزُولُ قَدَمَا عَبْدٍ يَوْمَ الْقِيَامَةِ حَتَّى يُسْأَلَ عَنْ عُمُرِهِ فِيمَا أَفْنَاهُ، وَعَنْ عِلْمِهِ فِيمَ فَعَلَ، وَعَنْ مَالِهِ مِنْ أَيْنَ اكْتَسَبَهُ وَفِيمَ أَنْفَقَهُ، وَعَنْ جِسْمِهِ فِيمَ أَبْلَاهُ»

*(അന്ത്യദിനത്തിൽ ഒരു ദാസന്റെ ഇരുപാദങ്ങളും തൻറെ ആയുസ്സ് എന്തിൽ തീർത്തു, തൻറെ അറിവ് കൊണ്ട് എന്ത് ചെയ്തു, തൻറെ ധനം എവിടെ നിന്ന് സമ്പാദിച്ചു എന്തിൽ ചെലവഴിച്ചു, തൻറെ ശരീരം എന്തിൽ ജീർണ്ണിപ്പിച്ചു എന്നിവയെക്കുറിച്ച് ചോദിക്കപ്പെടുന്നത് വരെ നീങ്ങുകയില്ല.) [തിർമിധി].*

- അനുഗ്രഹങ്ങളുടെ അവകാശങ്ങൾ നിറവേറ്റൽ: സമ്പത്താകുന്ന അനുഗ്രഹം സകാത്തിലൂടെയും സ്വദഖയിലൂടെയും സംരക്ഷിക്കപ്പെടുന്നു.

അല്ലാഹു തആലാ പറയുന്നു:

{خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِمْ بِهَا وَصَلِّ عَلَيْهِمْ إِنَّ صَلَاتَكَ سَكَنٌ لَهُمْ وَاللَّهُ سَمِيعٌ عَلِيمٌ}

*(അർത്ഥം: അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യാനായി അവരുടെ സ്വത്തുക്കളിൽ നിന്ന് നീ ദാനം സ്വീകരിക്കുക. അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർത്ഥന അവർക്ക് ആശ്വാസമാകുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.) [അത്തൗബ: 103].*

അബൂ കബ്ശ അൽ-അൻമാരി (റ) വിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു:

«مَا نَقَصَ مَالٌ مِنْ صَدَقَةٍ»

*(ദാനം ചെയ്തതുകൊണ്ട് ഒരു ധനവും കുറഞ്ഞുപോയിട്ടില്ല.) [തിർമിധി].*

അറിവാകുന്ന അനുഗ്രഹം അത് മറ്റുള്ളവർക്ക് പകർന്നു നൽകുന്നതിലൂടെയും അതനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെയും സംരക്ഷിക്കപ്പെടുന്നു.
അബ്ദുല്ലാഹി ബിൻ അംറ് ബിൻ അൽ-ആസ് (റ) വിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു:

«...بَلِّغُوا عَنِّي وَلَوْ آيَةً»

*(എന്നിൽ നിന്ന് ഒരു ആയത്തെങ്കിലും നിങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക* [ബുഖാരി].

പദവിയും സ്വാധീനവുമാകുന്ന അനുഗ്രഹം ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിച്ചു നൽകുന്നതിലൂടെ സംരക്ഷിക്കപ്പെടുന്നു.
ഇബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു:

«أَحَبُّ النَّاسِ إِلَى اللَّهِ أَنْفَعُهُمْ لِلنَّاسِ»

*(മനുഷ്യരിൽ അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവൻ ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായവനാണ്.) [ത്വബറാനി].*

അതെ, ഓരോ അനുഗ്രഹത്തിനും അതിന്റേതായ അവകാശങ്ങളുണ്ട്. ആ അവകാശം നിറവേറ്റുന്നവന് അല്ലാഹു ആഅനുഗ്രഹത്തെ സംരക്ഷിച്ചുകൊടുക്കുന്നതാണ്

മഹത്തായ ഖുർആൻ കൊണ്ട് അല്ലാഹു എനിക്കും നിങ്ങൾക്കും അനുഗ്രഹം ചൊരിയട്ടെ. അതിലെ സൂക്തങ്ങൾ കൊണ്ടും തത്ത്വോപദേശങ്ങൾ കൊണ്ടും എനിക്കും നിങ്ങൾക്കും അവൻ പ്രയോജനം നൽകട്ടെ. എന്റെ ഈ വാക്കുകൾ ഞാൻ പറയുന്നു. എനിക്കും നിങ്ങൾക്കും വേണ്ടി ഞാൻ അല്ലാഹുവോട് പാപമോചനം തേടുന്നു. അതിനാൽ നിങ്ങൾ അവനോട് പാപമോചനം തേടുകയും പശ്ചാത്തപിക്കുകയും ചെയ്യുക; തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

## രണ്ടാം ഖുതുബ (الخطبة الثانية)

അല്ലാഹു ചെയ്ത നന്മകൾക്ക് അവനെ സ്തുതിക്കുകയും, അവന്റെ തൗഫീഖിനും ഉദാരതകൾക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ തൃപ്തിയിലേക്ക് ക്ഷണിച്ച പ്രവാചകൻ മുഹമ്മദ് ബിൻ അബ്ദില്ലാഹിക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബികൾക്കും അന്ത്യനാൾ വരെ അവിടുത്തെ പാത പിന്തുടർന്നവർക്കും സ്വലാത്തും സലാമും ഉണ്ടായിരിക്കട്ടെ.

അമ്മ ബാഅ്ദ് (അതിനുശേഷം):

അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ അല്ലാഹുവിനെ അർഹിക്കുന്ന രീതിയിൽ സൂക്ഷ്മതയോടെ ഭയപ്പെടുക (തഖ്‌വ ചെയ്യുക). രഹസ്യത്തിലും പരസ്യത്തിലും അവനെ നിരീക്ഷിക്കുക. നിങ്ങൾ അവനിലേക്കാണ് ഒരുമിച്ചുകൂട്ടപ്പെടുന്നത് എന്ന് മനസ്സിലാക്കുകയും ചെയ്യുക.

മുസ്‌ലിംകളേ:

അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് നന്ദികേട് കാണിക്കുന്നത് ആ അനുഗ്രഹങ്ങളുടെ നിലനിൽപ്പ് ഇല്ലാതാക്കുകയും ദുരിതം വരുത്തിവെക്കുകയും ചെയ്യും.

അല്ലാഹു തആലാ പറയുന്നു:
**وَضَرَبَ اللَّهُ مَثَلًا قَرْيَةً كَانَتْ آمِنَةً مُطْمَئِنَّةً يَأْتِيهَا رِزْقُهَا رَغَدًا مِنْ كُلِّ مَكَانٍ فَكَفَرَتْ بِأَنْعُمِ اللَّهِ فَأَذَاقَهَا اللَّهُ لِبَاسَ الْجُوعِ وَالْخَوْفِ بِمَا كَانُوا يَصْنَعُونَ**
*(അർത്ഥം: അല്ലാഹു ഇതാ ഒരു രാജ്യത്തെ ഉപമയായി എടുത്തുപറയുന്നു; അത് സുരക്ഷിതവും സമാധാനപൂർണ്ണവുമായിരുന്നു. അതിനുള്ള ജീവനോപാധികൾ എല്ലാ സ്ഥലത്തുനിന്നും സമൃദ്ധമായി വന്നുകൊണ്ടിരുന്നു. എന്നാൽ ആ രാജ്യം അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് നന്ദികേട് കാണിച്ചു. അങ്ങനെ അവർ ചെയ്തുകൊണ്ടിരുന്നതിന്റെ ഫലമായി അല്ലാഹു അവർക്ക് വിശപ്പിന്റെയും ഭയത്തിന്റെയും വസ്ത്രം രുചിപ്പിച്ചു.) [അന്നഹ്ല്: 112].*

ഇവിടെ അല്ലാഹു ഏറ്റവും മഹത്തായ രണ്ട് അനുഗ്രഹങ്ങളെ – സുരക്ഷിതത്വത്തെയും ജീവനോപാധിയെയും (രിസ്ഖ്) – ഒന്നിച്ച് പരാമർശിച്ചു. തുടർന്ന് അനുഗ്രഹങ്ങളോടുള്ള നന്ദികേടാണ് അവ രണ്ടും നഷ്ടപ്പെടാൻ കാരണമെന്ന് വ്യക്തമാക്കി.

ഖാറൂൻ തനിക്ക് ലഭിച്ച അനുഗ്രഹത്തെ സ്വന്തത്തിലേക്ക് ചേർത്തുവെച്ച് പറഞ്ഞപ്പോൾ:

**قَالَ إِنَّمَا أُوتِيتُهُ عَلَى عِلْمٍ عِنْدِي**
*(അർത്ഥം: അവൻ പറഞ്ഞു: "എന്റെ പക്കലുള്ള അറിവുകൊണ്ട് മാത്രമാണ് എനിക്കിത് നൽകപ്പെട്ടിട്ടുള്ളത്.") [അൽ-ഖസ്വസ്: 78].*

അവന്റെ ആഖിബത്ത് (അന്ത്യം) അല്ലാഹു അവനെയും അവന്റെ ഭവനത്തെയും ഭൂമിയിൽ ആഴ്ത്തിക്കളയുക എന്നതായിരുന്നു; അനുഗ്രഹം നൽകിയവനെ (അല്ലാഹുവിനെ) ഓർക്കാതെ അനുഗ്രഹങ്ങളിൽ മാത്രം മുഴുകുന്ന ഏവർക്കും അതൊരു ഗുണപാഠമായി നിലനിൽക്കാൻ വേണ്ടി!

മുസ്‌ലിംകളേ:

നമ്മളും നമ്മുടെ മക്കളും വളർത്തിയെടുക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് അനുഗ്രഹങ്ങളെ ആദരിക്കലും, അവയെ അനാവശ്യമായി പാഴാക്കാതെയും നശിപ്പിക്കാതെയും സൂക്ഷിക്കലുമാണ്. അതിനാൽ ഭക്ഷണം ചവറ്റുകുട്ടയിലേക്ക് വലിച്ചെറിയരുത്; വെള്ളവും വൈദ്യുതിയും ദുർവ്യയം ചെയ്യരുത്; അല്ലാഹുവിന് തൃപ്തിയില്ലാത്ത കാര്യങ്ങളിൽ ധനം നശിപ്പിക്കരുത്. കാരണം ഈ അനുഗ്രഹങ്ങളെല്ലാം അല്ലാഹു നമ്മെ ഏൽപ്പിച്ച അമാനത്തുകളാണ് (ഉത്തരവാദിത്തങ്ങൾ).

**അനസ് ബിൻ മാലിക് (റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു:**

**«إِنَّ اللَّهَ لَيَرْضَى عَنِ الْعَبْدِ أَنْ يَأْكُلَ الأَكْلَةَ فَيَحْمَدَهُ عَلَيْهَا، أَوْ يَشْرَبَ الشَّرْبَةَ فَيَحْمَدَهُ عَلَيْهَا»**

***(തീർച്ചയായും ഒരു ദാസൻ ഒരു ഉരുള ഭക്ഷണം കഴിച്ചിട്ട് അല്ലാഹുവിനെ സ്തുതിക്കുന്നതിലും, ഒരു ഇറക്ക് വെള്ളം കുടിച്ചിട്ട് അതിൽ അവനെ സ്തുതിക്കുന്നതിലും അല്ലാഹു തൃപ്തനാകുന്നു.) [മുസ്ലിം].***

**അതിനാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നന്ദികാണിച്ചുകൊണ്ടും നല്ല രീതിയിൽ ഉപയോഗിച്ചുകൊണ്ടും നമ്മൾ സംരക്ഷിക്കേണ്ടതുണ്ട്. ആ അനുഗ്രഹങ്ങൾ നിലനിൽക്കാനും വർദ്ധിക്കാനും ഏറ്റവും അനുയോജ്യമായ വഴി അതാണ്.**

**പ്രാർത്ഥന (ദുആ):**

**അല്ലാഹുവേ, ഈമാനിനെ (വിശ്വാസത്തെ) ഞങ്ങൾക്ക് നീ പ്രിയങ്കരമാക്കുകയും അത് ഞങ്ങളുടെ ഹൃദയങ്ങളിൽ അലങ്കാരമാക്കുകയും ചെയ്യേണമേ. കുഫ്റിനെയും (അവിശ്വാസം) അധർമ്മങ്ങളെയും അനുസരണക്കേടിനെയും ഞങ്ങൾക്ക് നീ വെറുപ്പുള്ളതാക്കേണമേ. ഞങ്ങളെ നീ നേർവഴിയിലുള്ളവരിൽ ഉൾപ്പെടുത്തേണമേ.**

**അല്ലാഹുവേ, നീ ഇസ്ലാമിനും മുസ്ലിംകൾക്കും പ്രതാപം നൽകേണമേ. ശിർക്കിനെയും മുശ്രിക്കുകളെയും നീ നിന്ദ്യരാക്കേണമേ.**

**അല്ലാഹുവേ, കുവൈത്തിനെയും അതിലെ നിവാസികളെയും സകല തിന്മകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും നീ കാത്തുസൂക്ഷിക്കേണമേ. ഈ നാടിനെയും സകല മുസ്ലിം രാജ്യങ്ങളെയും സമാധാനവും സ്വസ്ഥതയുമുള്ള ഭവനമാക്കേണമേ.**

**അല്ലാഹുവേ, അതിർത്തി കാക്കുന്ന നമ്മുടെ സഹോദരങ്ങളെയും രാജ്യത്തിന്റെ സുരക്ഷയ്ക്കായി നിലകൊള്ളുന്ന ഏവരെയും നീ കാത്തുസൂക്ഷിക്കേണമേ; അവരുടെ പാദങ്ങളെ നീ ഉറപ്പിച്ചുനിർത്തേണമേ.**

**അല്ലാഹുവേ, ഞങ്ങളുടെ ഭരണാധികാരിക്കും (അമീർ) വലീ അഹ്ദിനും നീ ഇഷ്ടപ്പെടുന്നതിനും തൃപ്തിപ്പെടുന്നതിനും തൗഫീഖ് നൽകേണമേ; നന്മയിലേക്കും തഖ്‌വയിലേക്കും അവരെ നീ നയിക്കേണമേ.**

**ഞങ്ങളുടെ അവസാന പ്രാർത്ഥന സർവ്വലോക രക്ഷിതാവായ അല്ലാഹുവിനുള്ള സ്തുതി മാത്രമാകുന്നു.**

***(വെള്ളിയാഴ്ച ഖുതുബ തയ്യാറാക്കുന്ന മാതൃകാ സമിതി)***